II ഇ.ബി. XII കേരള നിയമസഭ/IX-2

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നൽകിയ ഉത്തരങ്ങൾ-സംഗ്രഹം

2008 നവംബർ 25 ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

4 (*31) <u>പ്ളസ് വൺ പ്രവേശനത്തിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനം.</u>

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, സാമൂഹ്യനീതിയും സുതാര്യതയും ഉറപ്പു വരുത്തി ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനം നടത്തുക എന്ന ലക്ഷ്യത്തോടെ ഏർപ്പെടുത്തിയ ഏകജാലക സംവിധാനം വഴി മെറിറ്റടിസ്ഥാനത്തിലും സംവരണ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിച്ചതായി സഭയെ അറിയിച്ചു. അർഹത മാത്രം പരിഗണിച്ചും അഴിമതി ഒഴിവാക്കിയും പ്രവേശനം ഉറപ്പാക്കാൻ കഴിഞ്ഞു. മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ സീറ്റുകളിൽ പ്രവേശനം നടത്താൻ കഴിഞ്ഞ ഈ സംവിധാനം വൻ വിജയമായിരുന്നു. 2008-09 അക്കാഡമിക് വർഷാരംഭത്തിൽ പ്ളസ് വണ്ണിന് ഗവണ്മെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിൽ 294850 സീറ്റുകളാണ് നിലവിലുണ്ടായിരുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 2-6-08-ലെ ഉത്തരവുപ്രകാരം എല്ലാ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളുകൾക്കും

ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം വീതം സീറ്റ് വർദ്ധനവ് അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 13-6-08-ലെ ഉത്തരവുപ്രകാരം 20 ശതമാനം അധിക സീറ്റ് വർദ്ധനവ് അൺ എയ്ഡഡ് സ്ക്കൂളുകൾക്കും ബാധകമാക്കിയതിന്റെ ഫലമായി 47155 സീറ്റുകൾ വർദ്ധിച്ചിട്ടുണ്ട്. ഈ വർഷം പ്ളസ് വൺ പ്രവേശനത്തിനായി 342005 സീറ്റുകൾ ലഭ്യമായിരുന്നതിൽ പ്രവേശന പ്രക്രിയ പൂർത്തിയായപ്പോൾ 9453 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. സംവരണവിഭാഗങ്ങൾക്ക് കൂടുതൽ പ്രവേശനം ലഭിക്കുന്നതിന് ഈ സമ്പ്രദായം പ്രയോജനപ്പെട്ടിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് പിന്നോക്ക വിഭാഗങ്ങൾക്കും ഏകജാലക പ്രവേശനം വളരെ ഗുണപ്രദമായിരുന്നു. ഈ വർഷം ഏകജാലകം വഴി ആകെ പ്രവേശനം ലഭിച്ചവരിൽ 54.44 ശതമാനം വിദ്യാർത്ഥികൾ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്നു. ഇതുവഴി മുൻ വർഷത്തെ അപേക്ഷിച്ച് 12.30 ശതമാനത്തിന്റെ വർദ്ധന ഈ വിഭാഗങ്ങൾക്കുണ്ടായിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽ പ്പെടുന്നവർക്കും മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർഷം അപേക്ഷിച്ച എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിഞ്ഞു. കോടതി സ്റ്റേ കാരണമാണ് ഈ വർഷം പ്ളസ് വൺ അഡ്മിഷന് കാലതാമസമുണ്ടായത്. അർഹതയുള്ള കുട്ടികൾക്കെല്ലാം മെറിറ്റിന്റെ അടിസ്ഥാനത്തിലും സംവരണതത്വപ്രകാരവും അഡ്മിഷൻ ലഭ്യമാക്കാനാണ് ഏകജാലകസമ്പ്രദായം നടപ്പിലാക്കിയത്. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം തിരുവനന്തപുരം ജില്ലയിലും പിന്നീട് സംസ്ഥാന വ്യാപകമായും ഇത് നടപ്പാക്കി. ഇതുമായി ബന്ധപ്പെട്ട കുട്ടികൾക്കും രക്ഷകർത്താക്കൾക്കുമുള്ള

ആശങ്കയകറ്റാനായി എല്ലാ ജില്ലകളിലും ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുകയും ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ കംപ്യൂട്ടർ പരിശീലനം നൽകുന്ന അദ്ധ്യാപകർക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇതു സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തു. കൂടാതെ പത്രമാധ്യമങ്ങൾ വഴി ഏകജാലക സംവിധാനം ഉപയോഗിക്കേണ്ട രീതി സംബന്ധിച്ച പ്രചാരണം നൽകി. അപേക്ഷകൾ സമർപ്പിച്ചുകഴിഞ്ഞശേഷം തെറ്റുകൾ തിരുത്താനായി സമയം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾ പഠിച്ച വിദ്യാഭ്യാസ സ്ഥാപനമോ അടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനമോ ആണെങ്കിൽ അപേക്ഷകർക്ക് സഹായകമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. സർക്കാർ മേഖലയിൽ 1,29,780 സീറ്റുകളും എയ്ഡഡ് മേഖലയിൽ 1,34,100 സീറ്റുകളും അൺ എയ്ഡഡ് മേഖലയിൽ 84,360 സീറ്റുകളുമാണ് ഉള്ളത്. ഏകജാലകസമ്പ്രദായം ആദ്യമായി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ സന്ദർഭത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോഡുകൾ സംബന്ധിച്ചുണ്ടായ പ്രശ്നം പരിഹരിച്ചുകൊണ്ടാണ് സംസ്ഥാനതലത്തിൽ ഇത് നടപ്പാക്കിയത്. അപേക്ഷിക്കുമ്പോൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് കൂടുതൽ വ്യക്തതയുണ്ടാകുന്നതിനായി എസ്.എസ്.എൽ.സി. ക്ളാസ്സുകളിൽ തന്നെ ഐ.ടി. പഠനത്തിന്റെ ഭാഗമായി പ്രവേശന രീതിയെക്കുറിച്ച് പരിശീലനം കൊടുക്കുന്നതാണ്. കൂടാതെ ഈ വർഷം നടന്ന പ്രവേശന പ്രക്രിയ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്ളസ് വൺ പഠനവും പരീക്ഷയും കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ആന്തരീകമൂല്യനിർണ്ണയ പ്രക്രിയ നടപ്പിലാക്കുന്നതാണ്. അതോടൊപ്പം

അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കുന്ന ക്ളസ്റ്റർ പരിപാടികൾ വിജയകരമാക്കാനായി അഭിപ്രായ സമന്വയം ഉണ്ടാക്കേണ്ടതുമുണ്ട്. ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പരീക്ഷ എഴുതാനായി മലപ്പുറം ജില്ലയിൽ കൂടുതൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ എല്ലാ ഗവണ്മെന്റ്-എയ്ഡഡ് ഹൈസ്ക്കൂളുകളിലും കേന്ദ്ര ഗവണ്മെന്റ് സഹായത്തോടെ ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതാണ്. പ്ളസ് വൺ പഠനസൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി സൗകര്യമുണ്ടാക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിന് പ്ളസ് വൺ മാർക്ക് കൂടി പരിഗണിക്കുന്ന കാര്യം ആലോചിക്കേണ്ടതുണ്ട്.

5( *32) <u>കോളേജ് ക്ളസ്റ്റർ സംവിധാനം.</u>

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൂടുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതാണ് ക്ളസ്റ്റർ സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടമെന്നും വിവിധ കോളേജുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പരസ്പരം പ്രയോജനപ്പെടുത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കുക എന്നതാണ് ക്ളസ്റ്റർ രൂപീകരണം കൊണ്ട് ലക്ഷ്യമാക്കുന്നതെന്നും സഭയെ അറിയിച്ചു. പ്രൈവറ്റ് കോളേജ് മാനേജ്മെന്റുകളുടെ ആശങ്ക ദൂരീകരിക്കുന്നതിന് സഹായകമായ വിശദീകരണം ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുണ്ട്. ഓരോ ക്ളസ്റ്ററിനും പൊതുവായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും ഓരോ ക്ളസ്റ്ററുകൾ

ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഘടനയിൽ നിന്നുകൊണ്ട് ശാസ്ത്രീയമായ വിദ്യാഭ്യാസ പരിഷ്കരണങ്ങളുമായി മുന്നോട്ടുപോകാനാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും അടുത്ത വർഷം മുതൽ ബിരുദതലത്തിൽ ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ മാനേജ്മെന്റ് പ്രതിനിധി, പ്രിൻസിപ്പാൾ, സ്റ്റാഫ് പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് ബോഡിയും അക്കാഡമിക് കമ്മിറ്റിയും രൂപീകരിക്കാൻ നിർദ്ദേശമുണ്ട്. ഒരു ക്ളസ്റ്ററിന്റെ കീഴിൽ വരുന്ന കോളേജുകളിലെ അദ്ധ്യാപകരുടെ മികവും വിവരസാങ്കേതിക വിദ്യയും യോജിപ്പിച്ച് ശാസ്ത്രീയ പഠനത്തിനാവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ അടുത്ത കോളേജുകൾക്ക് കൂടി പ്രയോജനപ്പെടുത്താൻ ക്ളസ്റ്റർ സമ്പ്രദായം വഴി കഴിയുന്നതാണ്. ഒരു ക്ളസ്റ്ററിന്റെ കീഴിൽ വരുന്ന എല്ലാ കോളേജുകൾക്കും തുല്യ പരിഗണന കൊടുക്കുന്നതാണ്. . സർവ്വകലാശാല പരീക്ഷാഫലങ്ങൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മലബാർ മേഖലയിൽ കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു ക്ളസ്റ്റർ രൂപീകരിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചു വരികയാണ്. ക്ളസ്റ്റർ രൂപീകരണ മാനദണ്ഡത്തിൽ അയവ് വരുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്.

6(*33)&(*58) <u>സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങൾ.</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> നൽകിയ മറുപടിയിൽ, തീവ്രവാദബന്ധമുണ്ടെന്ന് സംശയിക്കുന്ന കേസ്സുകൾ സമഗ്രമായി അന്വേഷിക്കുന്നതിനുവേണ്ടി ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ ലോക്കൽ പോലീസ്, ക്രൈംബ്രാഞ്ച്, സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാശ്മീരിൽ സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ മലയാളികൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണം എ.ഡി.ജി.പി. (ഇന്റലിജൻസ്) യുടെ മേൽനോട്ടത്തിലുള്ള ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിച്ചിരിക്കുകയാണ്. തീവ്രവാദ പ്രവർത്തനങ്ങളും ഭീകരപ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിന് സംസ്ഥാന ഇന്റലിജൻസ് വിഭാഗം തികഞ്ഞ ജാഗ്രത പുലർത്തിവരുന്നു. കൂടാതെ സംസ്ഥാന പോലീസ് നാഷണൽ സെക്യൂരിറ്റി ഗാർഡ് പോലുള്ള സ്പെഷ്യലൈസ്ഡ് ഏജൻസികളുടെ പരിശീലനവും ഇതിനായി പ്രയോജനപ്പെടുത്തുന്നു. ഇന്റലിജൻസ് ബ്യൂറോയുടെ സഹായത്തോടെ ഇന്റലിജൻസ് ട്രെയിനിംഗ് സ്ക്കൂളും സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. കാശ്മീരിൽ സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ മലയാളികൾ കൊല്ലപ്പെട്ടത് സംബന്ധിച്ച് കണ്ണൂർ ജില്ലയിലെ എടക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എട്ട് പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തീവ്രവാദപ്രവർത്തനങ്ങൾ നടത്താൻ കേരളത്തിൽ നിന്ന് യുവാക്കളെ റിക്രൂട്ട് ചെയ്യുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അന്വേഷണത്തെ പ്രതികൂലമായി

ബാധിക്കുമെന്നതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. 'സിമി' യുടെ ചില പ്രവർത്തകർ 2007 ഡിസംബറിൽ വാഗമണിലെ മലനിരകളിൽ ഒത്തുകൂടിയതായ വിവരം സംസ്ഥാന ഇന്റലിജൻസിന് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. ഇതു സംബന്ധിച്ച് യാതൊരു വിവരവും മറ്റു സംസ്ഥാനങ്ങളിൽ നിന്നോ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളിൽ നിന്നോ മുൻകൂട്ടി ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് തീവ്രവാദപ്രവർത്തനങ്ങൾ വ്യാപകമല്ല. സമീപകാലത്ത് തീവ്രവാദപ്രവർത്തനത്തിന്റെ ഭാഗമായി യാതൊരു തരത്തിലുള്ള അക്രമങ്ങളും സംസ്ഥാനത്തുണ്ടായിട്ടില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നുപോലും ആവശ്യമായ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മതിയായ കരുതൽ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. തീവ്രവാദപ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ പ്രചാരണങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്; ഇക്കാര്യത്തിൽ സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 153 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)